**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.561** **28.09.2016-ൽ മറുപടിയ്ക്ക്**

## ഒറ്റപ്പാലത്ത് ഫിലിംസിറ്റി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ഉണ്ണി | ശ്രീ.എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ മന്ത്രി) |
| (എ) ഒറ്റപ്പാലത്ത് 'ഒരു ഫിലിംസിറ്റി' സ്ഥാപിക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) ഒറ്റപ്പാലം ഫിലിംസിറ്റി നിർമ്മാണം സർക്കാർ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത ഫിലിം സിറ്റിക്കായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ; | (ബി) ഒറ്റപ്പാലം ഫിലിം സിറ്റിയുടെ നിർമ്മാണത്തിന് 2011-12-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ 50 ലക്ഷം രൂപയും 2012-13-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ഒരു കോടി രൂപയും പ്രഖ്യാപിച്ചിരുന്നു. എന്നാൽ സ്ഥലം ലഭ്യമാകാതിരുന്ന സാഹചര്യത്തിൽ പ്രസ്തുത തുക കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന് അനുവദിച്ചിരുന്നില്ല. |
| (സി) ഇല്ലെങ്കിൽ ബഡ്ജറ്റിൽ ആവശ്യമായ തുക വകയിരുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (സി) ഫിലിംസിറ്റിയുടെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടില്ല. സിനിമാ വ്യവസായ മേഖലയിൽ നിന്നും ഒരു പ്രൈവറ്റ് പാർട്ട്ണറെ കണ്ടെത്തി പദ്ധതി നടപ്പിലാക്കുവാൻ സാധിക്കുമോ എന്ന് മുൻസർക്കാർ കേരള ചലച്ചിത്ര വികസന കോർപ്പറേഷനോട് ആരാഞ്ഞിരുന്നു. ഇതു സംബന്ധിച്ച് കേരള ചലച്ചിത്ര വികസന കോർപ്പറേഷനുമായി ആലോചിച്ച് പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| (ഡി) നിർദ്ദിഷ്ട ഫിലിംസിറ്റിക്കായി ഭൂമി കൈമാറ്റം ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഭൂമിയുടെ വിശദാംശം ലഭ്യമാക്കുമോ; | (ഡി) ഒറ്റപ്പാലം താലൂക്കിൽ ഇറിഗേഷൻ വകുപ്പിന്റെ അധീനതയിലുള്ള മൂന്ന് ഏക്കർ മൂന്ന് സെന്റ് ഭൂമി ഫിലിംസിറ്റി നിർമ്മാണത്തിനായി സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന് മുപ്പത് വർഷം പാട്ടത്തിന് നൽകുവാൻ ഗവൺമെന്റ് ഉത്തരവായിട്ടുണ്ട്. (ജി.ഒ(എം.എസ്) നം.289/ 2014/റവ തീയതി തിരുവനന്തപുരം 04.07.2014) |
| (ഇ) ഒറ്റപ്പാലം ഫിലിംസിറ്റിക്ക് ഭരണാനുമതി നൽകുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ഇ) നിലവിലെ സിനിമാ വ്യവസായ മേഖലയിൽ നിന്നും ഒരു പ്രൈവറ്റ് പാർട്ട്ണറെ കണ്ടെത്തി പദ്ധതി നടപ്പിലാക്കുവാൻ സാധിക്കുമോ എന്ന് മുൻസർക്കാർ കേരള ചലച്ചിത്ര വികസന കോർപ്പറേഷനോട് ആരാഞ്ഞിരുന്നു. ഇത് സംബന്ധിച്ച് കേരള ചലച്ചിത്ര വികസന കോർപ്പറേഷനുമായി ആലോചിച്ച് പദ്ധതി നടപ്പിലാക്കുന്നതിനുള്ള സാധ്യതയെക്കുറിച്ച് ആലോചിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ